## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2683 | 09.05.2017-ൽ മറുപടി |
|---|---|

### വെളിയിട വിസർജ്ജനമുക്ത സംസ്ഥാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ഡോ. കെ. ടി. ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കേരളത്തെ വെളിയിട വിസർജ്ജനമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി സർക്കാരിന്റെ ധനസഹായത്തോടെ പുതുതായി എത്ര ടോയ്‌ലറ്റുകൾ നിർമ്മിച്ച നൽകി; | (എ) | കേരളത്തെ വെളിയിട വിസർജ്ജന മുക്ത സംസ്ഥാനമായി മാറ്റുന്നതിന് ഗ്രാമ പ്രദേശങ്ങളിൽ 1,74,720 ടോയ്‌ലറ്റുകളും, നഗര സഭകളിൽ 27,682 ടോയ്‌ലറ്റുകളും പുതുതായി നിർമ്മിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലും എത്ര ടോയ്‌ലറ്റുകൾ വീതം നിർമ്മിച്ച നൽകിയെന്ന് വ്യക്തമാക്കുമോ; | (ബി) | (പട്ടിക താഴെ) |

| ജില്ല | ഗ്രാമപഞ്ചായത്ത് | മുനിസിപ്പാലിറ്റി & കോർപ്പറേഷൻ |
|---|---|---|
| തിരുവനന്തപുരം | 14211 | 6301 |
| കൊല്ലം | 12777 | 3397 |
| പത്തനംതിട്ട | 10182 | 1673 |
| ആലപ്പുഴ | 14985 | 1711 |
| കോട്ടയം | 9141 | 1395 |
| ഇടുക്കി | 21081 | 445 |
| എറണാകുളം | 7808 | 1911 |
| തൃശൂർ | 3002 | 2187 |
| പാലക്കാട് | 23075 | 894 |
| മലപ്പുറം | 12011 | 2058 |
| കോഴിക്കോട് | 12799 | 2855 |
| വയനാട് | 13777 | 912 |
| കണ്ണൂർ | 7182 | 1198 |
| കാസർഗോഡ് | 12689 | 745 |
| | **174720** | **27682** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ടോയ്‌ലറ്റ് നിർമ്മിച്ച നൽകിയതിന് ആകെ എത്ര തുക ചെലവഴിച്ചു; | (സി) | പദ്ധതിയുടെ ഭാഗമായി വ്യക്തിഗത ഗാർഹിക ടോയ്‌ലറ്റ് നിർമ്മിച്ചു നൽകിയതിന് 31619.91 ലക്ഷം രൂപ ചെലവഴിച്ചു. |
| (ഡി) | സംസ്ഥാനത്താകെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏത് | (ഡി) | ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്; ജലനിധി പഞ്ചായത്തുകളിൽ |

| | | | |
|---|---|---|---|
| | ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; | | ജലനിധിയുടെ സപ്പോർട്ട് ഓർഗനൈസേഷൻസ് മുഖേനയും നിർവ്വഹണം നടത്തിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാനം വെളിയിട വിസർജ്ജനമുക്ത മേഖലയായി പ്രഖ്യാപിക്കപ്പെട്ട കഴിഞ്ഞിട്ടും നിരവധി തീരദേശ മേഖലകളിലും സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശങ്ങളിലെ അധിവാസ മേഖലകളിലും ശാസ്ത്രീയമായ ടോയ്‌ലറ്റുകൾ ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണുന്നതിനുള്ള സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കൂടി പരിഗണിച്ചു കൊണ്ടുള്ള ഗാർഹിക ടോയ്‌ലറ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിച്ചു വരുന്നു. അതിൻ പ്രകാരം നടപടികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ